# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5880** **28.10.2011 ന് മറുപടിക്ക്**

## <u>പെൻഷൻ പ്രായം വർദ്ധിപ്പിക്കൽ</u>

**ചോദ്യം** **ഉത്തരം**

**ശ്രീ. ബാബു. എം. പാലിശ്ശേരി** **ശ്രീ. ഉമ്മൻ ചാണ്ടി**
**ബഹു. മുഖ്യമന്ത്രി**

| | | |
|---|---|---|
| (എ.) | സംസ്ഥാന ഗവൺമെന്റ് ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ടോ ; | ഇല്ല. |
| (ബി.) | അതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ മന്ത്രിമാരുടെ കമ്മിറ്റിയെ അധികാരപ്പെടുത്തിയിട്ടുണ്ടോ ; | ഇല്ല. സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പെൻഷൻ തീയതി ഏകീകരിച്ച നടപടി പുനഃപരിശോധിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾക്കായാണ് ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുള്ളത് |
| (സി.) | പെൻഷൻ പ്രായം വർദ്ധിപ്പിച്ചാൽ പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവരുടെയും തൊഴിലില്ലാത്ത ലക്ഷക്കണക്കിന് ചെറുപ്പക്കാരുടെയും പ്രതീക്ഷകളെ പ്രതികൂലമായി ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബാധകമല്ല. |
| (ഡി.) | പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നയമെന്താണ് ; വിശദാംശം വ്യക്തമാക്കുമോ ? | സർവ്വീസ് സംഘടനകളും, യുവജന സംഘടനകളുമായി ഇക്കാര്യം ചർച്ചചെയ്ത് അഭിപ്രായ സമന്വയം ഉണ്ടാകുന്ന മുറയ്ക്ക് മാത്രമെ സർക്കാർ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിനെ കുറിച്ച് ഒരു തീരുമാനം കൈക്കൊള്ളുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**